**LBS CENTRE FOR SCIENCE AND TECHNOLOGY**
(A Government of Kerala Undertaking)
Nandavanam, Palayam, Thiruvananthapuram - 695 033, Kerala
Phone: 0471 - 2324396, 2324148, 2324101; Fax: 0471 - 2337055
Email: director.lbs@kerala.gov.in; Website: www.lbscentre.kerala.gov.in

ബി9/1533/2025 11.06.2025

**സംസ്ഥാനതല പ്രസിദ്ധീകരണത്തിന്**

# എപിജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ 2025-26 വർഷത്തെ എം.ടെക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ സ്കൂളുകളിലേക്കുള്ള 2025-26 അക്കാദമിക് വർഷത്തെ എം.ടെക് പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കേണ്ട അവസാന തീയതി 16/06/2025.

ഇൻഫ്രാസ്ട്രക്ചർ എഞ്ചിനീയറിങ് ആൻഡ് മാനേജ്മെൻറ്, എമ്പെഡഡ് സിസ്റ്റം ടെക്നോളജീസ്, ഇലക്ട്രിക് വെഹിക്കിൾ ടെക്നോളജി, മെക്കാനിക്കൽ ആൻഡ് മേറ്റീരിയൽസ് ടെക്നോളജി എന്നീ എം.ടെക് പ്രോഗ്രാമുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. സാധുവായ GATE യോഗ്യതയുള്ള വിദ്യാർത്ഥികൾക്കും, GATE ഇല്ലാത്തവർക്ക് യൂണിവേഴ്സിറ്റി നടത്തുന്ന എൻട്രൻസ് ടെസ്റ്റ്/ഇന്റർവ്യൂയിലൂടെയും പ്രവേശനം സാധ്യമാകും. ഓരോ പ്രോഗ്രാമിനും 18 വീതം സീറ്റുകളാണ് ഉള്ളത്. അപേക്ഷാ ഫീസ് ജനറൽ വിഭാഗത്തിന് 800 രൂപയും എസ് സി / എസ് ടി വിഭാഗത്തിന് 400 രൂപയും ആണ്.

അപേക്ഷാർത്ഥികൾ എപിജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ബാച്ചിലേഴ്സ് ബിരുദം നേടിയിരിക്കണം അല്ലെങ്കിൽ എഐസിടിഇ/യുജിസി/സർക്കാർ അംഗീകരിച്ച ഒരു യൂണിവേഴ്സിറ്റി/ഡീംഡ് യൂണിവേഴ്സിറ്റി/സ്ഥാപനം എന്നിവയിൽ നിന്ന് ഉചിതമായ ശാഖയിൽ തത്തുല്യ ബിരുദം നേടിയിരിക്കണം. യോഗ്യതാ പരീക്ഷയുടെ അവസാന സെമസ്റ്റർ/വർഷ ഫലങ്ങൾ കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷാ ഫീസ് ഓൺലൈനായി ഒടുക്കി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രവേശനവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി യൂണിവേഴ്സിറ്റിയുടെ/ എൽ.ബി.എസ് സെന്ററിന്റെ വെബ്സൈറ്റ് സന്ദർശിക്കുക. കോഴ്സ് സംബന്ധിച്ചു കൂടുതൽ വിവരങ്ങൾക്ക് 8848269747 എന്ന നമ്പറിലും അപേക്ഷ സമർപ്പിക്കൽ സംബന്ധിച്ചു സംശയങ്ങൾക്ക് 0471-2560327 എന്ന നമ്പറിലും ബന്ധപ്പെടുക

**ഡോ എം അബ്ദുൾ റഹ്മാൻ**
**ഡയറക്ടർ**